# കേരള സർവകലാശാല

നം. പി.ആർ.031/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പി.എച്ച്.ഡി നൽകി

രശ്മി സി പണിക്കർ, രേഷ്മ സുശീലൻ (ഇക്കണോമിക്സ്), അനിൽകുമാർ ഡി.വി, രശ്മി ജി (മലയാളം), സുമലത എസ്, കാഞ്ചന ആർ.എസ്, മഞ്ജുള കെ.ജി (കൊമേഴ്സ്), ജയശങ്കർ ജെ (തമിഴ്), നിമ തങ്കരാമി ബാഗേരി നെജാദ്, (മാനേജ്മെന്റ് സ്റ്റഡീസ്), സുകന്യ കെ.ബി, (ഹിന്ദി), ചിത്ര വി.എസ്, ടീന ജൂഡ് ഫ്രാൻസിസ്, ഹിമ എസ് മധു, സന്തോഷ് ബാബു കെ, ഷീബ വി രാജൻ (ഇം ഗ്ലീഷ്), റേസ ഖവാരി (സൈക്കോളജി), പുഷ്പലത എൽ(റഷ്യൻ), സിബിൻ എൻ.റ്റി, നിഷ എൻ.സി, ശ്രീകല ദേവി ആർ, അനിത ചന്ദ്രൻ എൻ (ബോട്ടണി), സുജീഷ് കുമാർ എസ് (ഫ്യൂച്ചർ സ്റ്റഡീസ്), ശ്രുതി എസ് (അക്വാട്ടിക് ബയോ ളജി ആന്റ് ഫിഷറീസ്), ഷീബ ഗോപാലകൃഷ്ണൻ യു (ഹോം സയൻസ്), ദീപ ജെ.ആർ, ഇന്ദുലേഖ കെ, ആൻസി സ്മിത അലക്സ് (കെമിസ്ട്രി), ശ്രീലക്ഷ്മി വി (ബയോകെമിസ്ട്രി), ജെസി പി.എസ് (നഴ്സിംഗ്), സൗമ്യ വി, മിഥുൻ രാജ്, രശ്മി വി (ബയോടെക്നോളജി), ഇന്ദുജ ഐ.ജെ (ഫിസിക്സ്), സോയ വൈ ദാസ് (എൻവയോൺമെന്റൽ സയൻസസ്), വിജയലക്ഷ്മി എസ് (ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ്), ഡോ.അമ്പിളി ആർ(പെരിയോഡോൺടിക്സ്), ജയലക്ഷ്മി വി (സുവോളജി) എന്നിവർക്ക് പി.എച്ച്.ഡി നൽകി.

## ബി.ടെക് സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 സെപ്റ്റംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പാർട്ട്ടൈം റീസ്ട്രക്ചേർഡ് പരീക്ഷയുടെ സൂക്ഷ്മപ രിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീവാല്യേുഷൻ സെക്ഷ നിൽ ഫെബ്രുവരി ഏഴ് മുതൽ 16 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ ഹാജരാ കേണ്ടതാണ്.

## പി.ജി പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ നാലിന് ആരംഭിക്കുന്ന അവസാന വർഷ പി.ജി ആയുർവേദ പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് ഏഴ്, 50 രൂപ പിഴയോടെ മാർച്ച് ഒൻപത്, 125 രൂപ പിഴയോടെ മാർച്ച് 13 വരെ ഫീസടച്ച് അപേക്ഷിക്കാം.

## ബി.എസ്സി പ്രായോഗിക പരീക്ഷകൾ

കേരള സർവകലാശാല 2017 ഡിസംബറിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്സി കമ്പ്യൂട്ടർ സയൻസ് കോഴ്സിന്റെ അഞ്ചാം സെമസ്റ്റർ പ്രായോഗിക പരീക്ഷകൾ ഫെബ്രുവരി 19 നും മൂന്നാം സെമസ്റ്റർ പ്രായോഗിക പരീക്ഷകൾ ഫെബ്രുവരി 27 നും തുടങ്ങുന്നതാണ്. വിശദവിവര ങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകണം

കേരള സർവകലാശാല 2017 സെപ്റ്റംബറിൽ നടത്തിയ ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷി

ച്ചിട്ടുള്ളവർ ഫെബ്രുവരി ഏഴ് മുതൽ 16 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാൾടിക്കറ്റുമായി പുനഃപരിശോധനാ വിഭാഗത്തിൽ (EJ 1 Section) ഹാജരാകണം.

## സമ്പർക്ക ക്ലാസ്സുകൾ ആരംഭിക്കും

കേരള സർവകലാശാല വിദൂര പഠന വിഭാഗം നടത്തുന്ന 2017-18-ലെ എം.എ/എം.കോം /എം.എസ്സി ക്ലാസുകൾ ഫെബ്രുവരി 10 മുതൽ തിരുവനന്തപുരത്ത് സർവകലാശാല കാര്യവട്ടം ക്യാമ്പസിൽ എം.കോം, എം.എ (മലയാളം, ഇംഗ്ലീഷ്, ഹിസ്റ്ററി, ഇക്കണോമിക്സ്, ഹിന്ദി), എം.എസ്സി (കമ്പ്യൂട്ടർ സയൻസ്) എന്നീ വിഷയങ്ങളും, പാളയം എസ്.ഡി.ഇ ക്യാമ്പസിൽ എം.എസ്സി മാത്സ്, എം.എ (സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ), കൊല്ലം മുളങ്കാടകം യു.ഐ.റ്റിയിൽ എം.എ (സോഷ്യോളജി, മലയാളം), എം.എസ്സി മാത്സും, കൊല്ലം ബി.എഡ് സെന്റർ ബോയിസ് ഹയർ സെക്കന്ററി സ്കൂൾ ക്യാമ്പസ് തേവള്ളിയിൽ എം.എ (ഇംഗ്ലീഷ്, ഹിസ്റ്ററി) എം.കോം എന്നീ ക്ലാസുകളും രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ ശനി ഞായർ ദിവസങ്ങളിൽ നടക്കും. വിശദവിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

## എം.ഫിൽ ഫലം

കേരള സർവകലാശാല 2017 ഒക്ടോബറിൽ നടത്തിയ 2016-2017 ബാച്ച് (സി.എസ്.എസ്) എം.ഫിൽ മാനേജ്മെന്റ് (ഐ.എം.കെ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## ബി.എ/ബി.എസ്സി/ബി.കോം/ബി.ബി.എ/ബി.സി.എ മേഴ്സി ചാൻസ് പരീക്ഷ

കേരള സർവകലാശാല ആറാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം (ട്രീമെയിൻ)/ബി.ബി.എ/ബി.സി.എ (റീസ്ട്രക്ച്ചേർഡ്/വൊക്കേഷണൽ) കോഴ്സുകളിൽ 2008 വരെ അഡ്മിഷൻ എടുത്ത് പഠിച്ചിരുന്നവർക്കായി മേഴ്സി ചാൻസ് പരീക്ഷ നടത്തും. പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 21, 50 രൂപ പിഴയോടെ ഫെബ്രുവരി 26, 125 രൂപ പിഴയോടെ മാർച്ച് ഒന്ന് വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ട്രാൻസലേഷൻ & കമ്മ്യൂണിക്കേഷൻ ഇൻ ഫ്രഞ്ച്: പുനഃപരീക്ഷ

കേരള സർവകലാശാല ജൂലൈ 27 ന് നടത്തിയ രണ്ടാം സെമസ്റ്റർ ബി.കോമിന്റെ (ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം- സി.ബി.സി.എസ.എസ്) ട്രാൻസലേഷൻ & കമ്മ്യൂണിക്കേഷൻ ഇൻ ഫ്രഞ്ച് (FR 1211.2) എന്ന വിഷയത്തിന്റെ പരീക്ഷ റദ്ദ് ചെയ്തു. പ്രസ്തുത വിഷയത്തിന്റെ (FR 1211.2) പുനഃപരീക്ഷ (2013 അഡ്മിഷൻ, 2014 അഡ്മിഷൻ മുതലുള്ളത്) ഫെബ്രുവരി 19-ന് നടക്കും. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

## അലുമ്നി അസോസിയേഷൻ

കേരള സർവകലാശാല കൊമേഴ്സ് പഠന വിഭാഗം അലുമ്നി അസോസിയേന്റെ 2018-ലെ വാർഷിക ഒത്തുച്ചേരൽ ഫെബ്രുവരി പത്താം തീയതി രാവിലെ

10.30 ന് കൊമേഴ്സ് പഠനവകപ്പിൽ നടക്കും. ബന്ധപ്പെടേണ്ട നമ്പർ: 0471-2412179, 09496254542, 9567571203.

## അന്താരാഷ്ട്ര സെമിനാർ നടന്നു

കേരള സർവകലാശാല ആർക്കിയോളജി പഠനവകുപ്പിന്റെ കീഴിൽ മാരിടൈം ആർക്കിയോളജി എന്ന വിഷയത്തിൽ അന്താരാഷ്ട്ര സെമിനാർ ഫെബ്രുവരി ആറിന് നടന്നു. യു.ജി.സി അംഗീകരിച്ച ഹെറിറ്റേജ് ജേർണൽ ഓഫ് മൾട്ടി ഡിസിപ്ലിനെറി സ്റ്റഡീസ് ഇൻ ആർക്കിയോളജി എന്ന ജേർണലും പ്രൊഫ. അജിത് കുമാർ രചിച്ച ഫോർട്ട്സ് ഓഫ് കേരള എന്ന പുസ്തകവും ചടങ്ങിൽ പ്രകാശനം ചെയ്ത ചടങ്ങിൽ ഡോ. ഡാനിയൽ ബാബു പോൾ അദ്ധ്യക്ഷ പ്രസംഗവും, പ്രൊഫ. അജിത് കുമാർ സ്വാഗത പ്രസംഗവും, ഡോ.പ്രീത നായർ നന്ദി പ്രകാശനവും നടത്തി. ഫെബ്രുവരി ഒൻപതിന് അവസാനിക്കുന്ന നാല് ദിവസത്തെ സെമിനാറിൽ ചൈന, ശ്രീലങ്ക, ഇറാൻ എന്നിവിടങ്ങളിലെ പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.




(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)

## ചാനൽ വാർത്ത അടിസ്ഥാനരഹിതം

കേരള സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിനിടെ ബഹു:വൈസ്ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീ.പി.എൻ. ഷാജിയുടെ നിയമനവുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റംഗങ്ങളും വൈസ്ചാൻസലറും തമ്മിൽ വാക്കു തർക്കമുണ്ടായി എന്ന തരത്തിൽ ചില ദൃശ്യമാധ്യമങ്ങളിൽ പ്രചരിച്ചിരുന്ന വാർത്ത അടിസ്ഥാനരഹിതമാണ്. യോഗത്തിൽ യാതൊരു തരത്തിലുള്ള വാക്കേറ്റവും സിൻഡിക്കേറ്റംഗങ്ങളും വൈസ്ചാൻസലറും തമ്മിൽ ഉണ്ടായിട്ടില്ല. വിരമിച്ചതിനു ശേഷം പ്രൈവറ്റ് സെക്രട്ടറിയായി ശ്രീ.പി.എൻ ഷാജിയെ തുടരാൻ അനുവദിച്ചത് കരാർ അടിസ്ഥാനത്തിൽ ഉള്ള ശമ്പളത്തിലാണ്. ഇതിനായി സിൻഡിക്കേറ്റ് യോഗം നേരത്തെ അംഗീകരിച്ച എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ട്. പ്രൈവറ്റ് സെക്രട്ടറി നിയമനം മാത്രം റദ്ദാക്കണമെന്ന് ആവശ്യം അംഗീകരിക്കാനാവില്ലെന്നും, അങ്ങനെയാണെങ്കിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സർവ്വീസിൽ നിന്നും വിരമിച്ചവരെ ആകമാനം പിരിച്ചുവിടണമെന്നും വൈസ്ചാൻസലർ ആവശ്യപ്പെട്ടു. ഇവയൊന്നും പുനർനിയമനമല്ല.

പകരം വിരമിച്ച പരിചയസമ്പന്നരായ ഉദ്യോഗസ്ഥരെയും, അധ്യാപകരെയും കരാർ അടിസ്ഥാനത്തിൽ തുച്ഛമായ പ്രതിഫലത്തിൽ നിയമിച്ചതാണ്.

തിരുവനന്തപുരം.
06.02.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098